# പതിനാലാം കേരള നിയമസഭ
## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3147 18.06.2019-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിട പദ്ധതി</u>**

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | എ) ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റിന്റെ (എൻ.ഐ.ആർ.ഡി) 2010 ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവന രഹിതരുമായിരുന്നു. 2010-11 മുതൽ 2016-17 വരെയുള്ള വർഷ കാലയളവിൽ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി ധനസഹായം നൽകി 17563 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>ഭൂമിയുള്ള ഭവനരഹിതരായ അർഹതപ്പെട്ടവർക്ക് ലൈഫിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം നൽകുന്നുണ്ട്. 2018-19 വർഷത്തിൽ 1220 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ധനസഹായത്തിനായി പരിഗണിച്ചിട്ടുണ്ട്. |
| ബി) കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെടുന്നവരെ | ബി) കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് |

| | |
|---|---|
| പുനരധിവസിപ്പിക്കുവാൻ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം എത്രപേർക്ക് വീട് അനുവദിച്ചു; | സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന 25 കോടിയുടെ ഒരു പ്രത്യേക പാക്കേജ് 2016-17 വർഷം ആരംഭിച്ച് നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം ആകെ 127 പേർ സ്ഥലം വാങ്ങുകയും 112 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) കടലാക്രമണം രൂക്ഷമായ തീരപ്രദേശങ്ങളിൽ 52 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുവാൻ ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതി വിജയപ്രദമാണോ; വിശദാംശം നൽകുമോ; | സി) പദ്ധതി വിജയപ്രദമാണ്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി.<br>(1) 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന ഘടകത്തിൽ വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട 760 ഗുണഭോക്താക്കളിൽ 481 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.<br>(2) 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായമായി 10 ലക്ഷം രൂപ വീതം നൽകുന്ന ഘടകത്തിൽ 401 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 350 പേർ ഭവന നിർമ്മാണ ത്തിന്റെ പൂർത്തീകരണ ഘട്ടത്തിലുമാണ്.<br>(3) തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബ |

ങ്ങളെ പുനരധിവസിപ്പിയ്ക്കുന്നതിനായി തിരുവനന്തപുരം കാരോട് വില്ലേജിൽ 105.55 ആർ സ്ഥലം ഫിഷറീസ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(4) മുട്ടത്തറ വില്ലേജിൽ വകുപ്പിന് കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളികളെ പാർപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ച് 187 ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2018-19) ൽ ഉൾപ്പെടുത്തി 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 92 ഫ്ളാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ യാണ് പുനരധിവസിപ്പിക്കുന്നത് .

| | |
|---|---|
| ഡി) തിരുവനന്തപുരം കാരോട് വില്ലേജിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി ഫ്ലാറ്റ് നിർമ്മിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വേറെ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇപ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | ഡി) തിരുവനന്തപുരം കാരോട് വില്ലേജിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി 128 വ്യക്തിഗത ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് വ്യക്തിഗത ഫ്ളാറ്റ് ഒന്നിന് 10.00 ലക്ഷം രുപ നിരക്കിൽ 12.80 കോടി രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് |

ചെയ്തുകഴിഞ്ഞു. നിലവിൽ നിർമ്മാണം ആരംഭിച്ചു. ഇതു കൂടാതെ തിരുവനന്തപുരം ജില്ലയിലെ ബീമാപള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യു.എസ്.എസ് കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പ് എന്നിവിടങ്ങളിലാണ് ഫ്ളാറ്റ് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളത്.

**സെക്ഷൻ ആഫീസർ**